പരിപാടികൾ സംഘടിപ്പിക്കുക. പുസ്തകപ്രസിദ്ധീകരണം, ശില്പശാലകൾ സംഘടിപ്പിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തി നേട്ടം കൈവരിച്ചിട്ടുണ്ട്. ടി.വി. മാധ്യമങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഡോക്യുമെന്ററികൾ, ഹ്രസ്വചിത്രങ്ങൾ, ടി.വി. സീരിയലുകൾ ഇവ നേരിട്ട് നിർമ്മിച്ച് ടി.വി. ചാനലുകൾക്ക് വില്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ കല, സംസ്കാരം, സാഹിത്യം, പുരാവസ്തു സംരക്ഷണം പാരമ്പര്യം എന്നീ രംഗങ്ങളിലെല്ലാം വികസനവും പുതിയ ഉണർവും ഉണ്ടാക്കുന്നതിന് സാംസ്കാരിക നയത്തിന് കഴിഞ്ഞിട്ടുണ്ട്.

(ബി & സി) 1999 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം സംസ്ഥാനത്ത് ഒരു ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്.

നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഫീസ് ഏർപ്പെടുത്തുന്ന നടപടി

23 (* 558) ഡോ: എം. എ. കുട്ടപ്പൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഫീസ് ഏർപ്പെടുത്തുകയുണ്ടായോ ;

(ബി) ഈ പരീക്ഷ പാസാകുന്നവർക്കെല്ലാം സ്കോളർഷിപ്പ് നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഈ പരീക്ഷയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള ഫീസ് എത്ര രൂപയാണെന്ന് അറിയിക്കുമോ ;

(ഡി) ഈ പരീക്ഷയ്ക്ക് ഫീസ് ഏർപ്പെടുത്തുന്നത് കൊണ്ട് എത്ര തുക സ്വരൂപിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ പരീക്ഷയ്ക്ക് ഫീസ് ഏർപ്പെടുത്താനുള്ള കാരണം വ്യക്തമാക്കുമോ ; ഈ ഫീസ് വേണ്ടെന്ന് വയ്ക്കുവാൻ ദയവുണ്ടാകുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) 2000 മാർച്ചിൽ നടത്തുന്ന ഈ പരീക്ഷയ്ക്ക് ഫീസ് ഈടാക്കിയിട്ടുണ്ട്.

(ബി) 'എ' ഗ്രേഡ് ലഭിക്കുന്നവർക്കെല്ലാം സ്കോളർഷിപ്പ് നൽകാൻ ഉദ്ദേശിക്കുന്നു.

(സി) 2000 മാർച്ചിൽ നടത്തുന്ന പരീക്ഷയ്ക്ക് പൊതുവിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളിൽ നിന്നും 10 രൂപ വീതവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളിൽ നിന്ന് 5 രൂപ വീതവും ഫീസ് ഈടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏകദേശം 8.50 ലക്ഷം രൂപ സ്വരൂപിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) മുൻകാലങ്ങളിൽ എസ്. എസ്. എൽ. സി. പരീക്ഷയോടൊപ്പമാണ് ഈ പരീക്ഷ നടത്തിയിരുന്നത്. പരിഷ്കരിച്ച പാഠ്യ പദ്ധതിയനുസരിച്ച് പുതിയ രീതിയിലാണ് പരീക്ഷ നടത്തുന്നത്. ഇതിന് സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാലാണ് ഫീസ് ഏർപ്പെടുത്തിയത്.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തിന്പുറത്ത് സ്ഥിതി ചെയ്യുന്ന സ്ഥാവര വസ്തുക്കൾ

24 (* 559) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളതും സംസ്ഥാനത്തിന് പുറത്ത് വിവിധ സംസ്ഥാനങ്ങളിലായി സ്ഥിതി ചെയ്യുന്നതുമായ സ്ഥാവര വസ്തുക്കളുടെ വിശദാംശം അടങ്ങിയ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ ;

(ബി) ഈ വസ്തുക്കളുടെ ഭരണവും പരിപാലനവും പൊതുമരാമത്ത് വകുപ്പ് നേരിട്ടാണോ നടത്തി വരുന്നത് ;

(സി) ഇപ്രകാരം നേരിട്ട് ഭരണവും മേൽനോട്ടവും നടത്തി വരുന്ന വസ്തുവകകൾ ഏതൊക്കെ ;

(ഡി) പൊതുമരാമത്ത് വകുപ്പ് നേരിട്ടല്ലാതെ മറ്റേതെങ്കിലും ഏജൻസികൾ വഴിയോ, വ്യക്തികൾ വഴിയോ കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാവര വസ്തുക്കളുടെ മേൽനോട്ടവും ഭരണവും ഇപ്പോൾ നടന്നു വരുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അവ ഏതൊക്കെ; വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) സംസ്ഥാന സർക്കാരിന് സംസ്ഥാനത്തിന് പുറത്ത് നുങ്കംപാക്കം, കന്യാകുമാരി, കുറ്റാലം, ന്യൂഡൽഹി, വാരാണസി എന്നിവിടങ്ങളിൽ ഭൂമിയും കെട്ടിടങ്ങളുമുണ്ട്.

(ബി&സി) കുറ്റാലത്തുള്ള സ്ഥലവും കെട്ടിടങ്ങളും മാത്രമേ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളൂ.

(ഡി&ഇ) ഡൽഹിയിലുള്ള കേരള ഹൗസ് കോമ്പൗണ്ട്, ട്രാവൻകൂർ ഹൗസ് കോമ്പൗണ്ട്, കപൂർത്തല പ്ലോട്ട് എന്നിവ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിന്റെ അധീനതയിലാണ്. കന്യാകുമാരിയിലുള്ള കേരള ഹൗസും

LIBRARY ARCHIVES Kerala Legislative Assembly